**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2331**
**18.12.2012 ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

ചോദ്യം
**ശ്രീമതി . കെ.കെ. ലതിക**

ഉത്തരം
**ശ്രീ. കെ.എം.മാണി**
ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

| | | |
|---|---|---|
| ( എ ) | പങ്കാളിത്ത പെൻഷൻ നടപ്പാക്കുമ്പോൾ സംസ്ഥാന സർക്കാരിന് ഉണ്ടാവുന്ന അധിക ബാധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; | 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ഓരോ ജീവനക്കാരന്റെയും അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമബത്തയുടേയും 10% തുകയാണ് സർക്കാരിന് അധിക ബാധ്യതയാകുന്നത്. ഇത് സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ എണ്ണത്തിന്റേയും അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമബത്തയുടേയും അടിസ്ഥാനത്തിൽ മാത്രമേ കൃത്യമായി നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ.10% സർക്കാർ വിഹിതം അടയ്ക്കണമെന്നുള്ളതിനാൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ ഇത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെങ്കിലും ദീർഘകാല അടിസ്ഥാനത്തിൽ ഈ പദ്ധതി വഴി സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി തകർന്നുപോകാതെ പരിരക്ഷിക്കുവാൻ കഴിയും. പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലിരട്ടിയിലധികം വർദ്ധിച്ച സാഹചര്യം കണക്കിലെടുക്കുമ്പോൾ ഹ്രസ്വകാലത്തേയ്ക്ക് സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത തുലോം തുച്ഛമാണ്. |
| ( ബി ) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | |

| | | |
|---|---|---|
| ( സി ) | പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമായുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലിരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിലും ഈ നിലയിൽ മുന്നോട്ട് പോയാൽ സംസ്ഥാന സർക്കാരിന് പെൻഷൻ ബാധ്യത നിറവേറ്റാൻ കഴിയാതെ വരാൻ സാധ്യതയുള്ള സാഹചര്യ ത്തിലും കേന്ദ്ര സർക്കാരിലും രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളിലും പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിക്കഴിഞ്ഞ സാഹചര്യത്തിലുമാണ് 01.04.2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ പദ്ധതി ദീർഘ വീക്ഷണത്തോടുകൂടി സംസ്ഥാനത്തിന്റെ ഭാവി മുന്നിൽ കണ്ടുകൊണ്ടാണ് നടപ്പിലാക്കാൻ തീരുമാനിച്ചത്. ഇതു സംബന്ധിച്ച് സംസ്ഥാനതലത്തിൽ മറ്റു പഠനമൊന്നും നടത്തിയിട്ടില്ല. |
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ? | ബാധകമല്ല |

Vijayasree

സെക്ഷൻ ഓഫീസർ